812

**A**

## സമഗ്ര ശിക്ഷാ, കേരളം

## രണ്ടാം പാദവാർഷിക മൂല്യനിർണയം 2019

## മലയാളം

## അടിസ്ഥാനപാഠാവലി

സ്റ്റാൻഡേർഡ് : VIII

സമയം :1½ മണിക്കൂർ
ആകെ സ്കോർ : 40

---

**നിർദേശങ്ങൾ**

- പതിനഞ്ചുമിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**ഒന്നുമുതൽ അഞ്ചുവരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക.**

(4x1=4)

1. മാതൃകപോലെ മാറ്റിയെഴുതുക.

   മാതൃക : ഓടിച്ചെന്ന് - ഓടി + ചെന്ന്
   നീന്തിക്കയറി - ............ + ............

2. "ഒരു ഉറുമ്പിനെപ്പോലും വേദനിപ്പിക്കാതെയാണ് നടപ്പെങ്കിലും ചതുപ്പിൽ പൂണ്ട് സുഖിച്ചുകിടക്കുകയായിരുന്ന എന്നെ അദ്ദേഹം കണ്ടില്ല."

   (രണ്ടു മത്സ്യങ്ങൾ)

   ഈ വാക്യത്തിൽ 'അദ്ദേഹം' എന്ന് സൂചിപ്പിക്കുന്നതാരെയാണ്?

   - ശ്രീബുദ്ധനെ
   - തവളയെ
   - അഴകനെ
   - പൂവാലിയെ

3. "പാടുപെട്ട് ജോലിചെയ്യാതെ നീ എടുത്താൽ..... മാമ്പഴം ഉടൻ കല്ല്........."

   (തേൻകനി)

   ഈ സംഭാഷണഭാഗത്തിന്റെ ആശയവുമായി യോജിക്കുന്നതേത്?

   - അധ്വാനിച്ചാൽ മാമ്പഴം കല്ലാകും.
   - അധ്വാനിച്ച് നേടിയതിനേ വിലയുള്ളൂ.
   - അധ്വാനിക്കാതെ നേട്ടങ്ങളുണ്ടാക്കാം.
   - കല്ലെടുത്തെറിഞ്ഞാലേ മാമ്പഴം വീഴുകയുള്ളൂ.

4. "രണ്ടു പണം കിട്ടുമെന്നു കേട്ടാലവർ
മണ്ടും പതിനെട്ടു കാതമെന്നാകിലും."

ഈ വരികളിൽ പരിഹസിക്കപ്പെടുന്ന മനുഷ്യസ്വഭാവം ഏത്?

- അസൂയ
- നിരാശ
- ആർത്തി
- നിസ്വാർഥത

5. "എന്നാലൊരു കാര്യം ചെയ്യാം.... നമുക്കൊരുമിച്ച് ഉമ്മാക്കിയെ തോൽപ്പിക്കാം"- ഈ പാഠസന്ദർഭത്തിന് യോജിക്കുന്ന പഴഞ്ചൊല്ല് എടുത്തെഴുതുക.

- മിന്നുന്നതെല്ലാം പൊന്നല്ല
- എല്ലുമുറിയെ പണിചെയ്താൽ പല്ലുമുറിയെ തിന്നാം
- ഐകമത്യം മഹാബലം
- അണ്ണാൻകുഞ്ഞും തന്നാലായത്

**ആറുമുതൽ പത്തുവരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക.**

(4×2=8)

6. അർഥവ്യത്യാസം വരാതെ ഒറ്റ വാക്യമാക്കി മാറ്റിയെഴുതുക.

അത് ഓരോരുത്തരുടെയും അടുത്തു ചെന്ന് മൂക്കിൽ മണപ്പിക്കുന്നു.
കുട്ടികൾ സ്വപ്നത്തിൽ നിന്നെന്നവണ്ണം സാവധാനം ഉണർന്നുവരുന്നു.

7. "ഭൂമിയുടെ ചോരപോലെ മെലിഞ്ഞൊഴുകുന്ന നീർച്ചാൽ."

ഈ പ്രയോഗം നൽകുന്ന രണ്ട് അർഥസൂചനകൾ എഴുതുക.

8. "നീറ്റിലെപ്പോളയ്ക്കു തുല്യമാം ജീവനെ
പോറ്റുവാനെത്ര ദുഃഖിക്കുന്നു മാനുഷർ"

ഈ വരികളിലെ കാവ്യപരമായ രണ്ടു സവിശേഷതകൾ എഴുതുക.

9. "കാടായി നിറഞ്ഞുനിന്നിരുന്ന കാവിന്റെ ഓർമപോലെ നാലഞ്ചു മരങ്ങൾ മാത്രം." (രണ്ടു മത്സ്യങ്ങൾ)

കാവിനുണ്ടായ എന്തെല്ലാം മാറ്റങ്ങളാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്?

10. "ഇനി മാമ്പഴം
ഇതു തേൻകനി
വിയർപ്പിൻ കനി"-

തേൻകനി എന്ന ശീർഷകം നാടകത്തിന് എത്രമാത്രം യോജിക്കുന്നുണ്ട്? രണ്ടു നിരീക്ഷണങ്ങൾ കുറിക്കുക.

11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം) **(4x4=16)**

11. "വിദ്യകൾ മറ്റുള്ളതെല്ലാം വൃഥാതന്നെ
വൈദ്യം പഠിക്കണം ദ്രവ്യമുണ്ടാക്കുവാൻ"

(കിട്ടും പണമെങ്കിലിപ്പോൾ)

കുഞ്ചൻനമ്പ്യാരുടെ ഈ വിമർശനം ഇക്കാലത്തും പ്രസക്തമാണോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

12. "പണ്ടേ....... അമ്മ പറഞ്ഞിട്ടില്ലേ.......
കാട്ടിൽ പോകല്ലേ,
മരത്തിൽ കയറല്ലേ....
കൂട്ടുകൂടല്ലേ മോനേ കൂട്ടുകൂടല്ലേ..." (തേൻകനി)

രക്ഷിതാക്കളുടെ ഉപദേശങ്ങളോടുള്ള കുട്ടികളുടെ പ്രതികരണങ്ങൾ സ്വാനുഭവങ്ങളുടെകൂടി വെളിച്ചത്തിൽ വിലയിരുത്തി കുറിപ്പ് തയാറാക്കുക.

13. "മനുഷ്യർ എത്തിച്ചേരാത്ത ഒരു പറുദീസ
എവിടെയെങ്കിലും നിങ്ങളെ കാത്തിരിപ്പുണ്ടാകും."

(രണ്ടു മത്സ്യങ്ങൾ)

"മഴുവും തീയുമായ് കഴുകൻകണ്ണുമായ്
വരില്ലയോ മർത്ത്യനവിടെയും നാളെ"

(കുറിഞ്ഞിപ്പൂക്കൾ - സുഗതകുമാരി)

(മർത്ത്യൻ - മനുഷ്യൻ)

രണ്ടു രചനാഭാഗങ്ങളിലെയും ആശയം താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

14. "കൊന്നമരമേ
വെയിലിനെ ഉരുക്കി
സ്വർണമാക്കി
കാതിലണിയുന്ന പണി
അതിനെ പഠിപ്പിക്കണേ"

ഈ വരികളുടെ കാവ്യഭംഗി കണ്ടെത്തി വിശദീകരിക്കുക.

15. "വേല ചെയ്യണം........ വിയർക്കണം..........
ഞാൻ ജോലിചെയ്തിട്ട് നിങ്ങൾക്കു ഫലം പറ്റണം.
ങാ! വിദ്യ മനസ്സിലിരിക്കട്ടെ."

(തേൻകനി)

വനഗായകന്റെ ഈ വാക്കുകളിൽ തെളിയുന്ന ജീവിതസന്ദേശം കണ്ടെത്തി കുറിപ്പ് തയാറാക്കുക.

പതിനാറുമുതൽ പതിനെട്ടുവരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. (ഒരു പുറം) (2x6=12)

16. ''മനുഷ്യൻ മാത്രം ബാക്കിയാകുന്ന ഒരു സങ്കൽപ്പത്തെയാണോ വികസനം, വികസനം എന്നു വിളിക്കുന്നത്?''

''രാക്ഷസയന്ത്രങ്ങൾ പാറകൾ ഭക്ഷിക്കാൻ തുടങ്ങിയപ്പോൾ ഞാനിങ്ങോട്ട് വന്നതാണ്.''

(രണ്ടു മത്സ്യങ്ങൾ)

പാഠഭാഗത്തെ ആശയവും സമകാലിക ജീവിതസാഹചര്യവും വിലയിരുത്തി 'പരിസ്ഥിതിയും വികസനവും' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

17. ''കൈക്കൂലി മെല്ലെപ്പിടുങ്ങുവാനല്ലാതെ
ഇക്കാരിയക്കാരന്മാർക്കില്ല വാഞ്ഛിതം''

''പാരിലോരോ ജനം ദ്രവ്യമുണ്ടാക്കുവാൻ
ഓരോരോ വിദ്യകൾ കാട്ടുന്നു സന്തതം''

(കിട്ടും പണമെങ്കിലിപ്പോൾ)

വരികളും കവിതയിലെ മറ്റ് ആശയങ്ങളും പരിഗണിച്ച് 'നമ്പ്യാർക്കവിതയിലെ സാമൂഹികവിമർശനം' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക

18. ''എന്റെ കൂട്ടുകാർക്ക് ബോധം തെളിയാതെ ഞാനെങ്ങനെ പോകും!''

''ഈ രക്തം പുരണ്ട വേദനപോലും ഞാനറിഞ്ഞില്ല.''

(തേൻകനി)

തന്നിരിക്കുന്ന സൂചനകളും പാഠഭാഗത്തെ മറ്റു സന്ദർഭങ്ങളും പരിഗണിച്ച് 'ഭദ്രൻ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.